LSGD
തദ്ദേശ
സ്വയംഭരണ
വകുപ്പ്

# ബജറ്റ്
# 2025-26




## നെന്മണിക്കര
## ഗ്രാമപഞ്ചായത്ത്



പ്രിയപ്പെട്ടവരെ,

പ്രാദേശിക സർക്കാരുകളായ ഗ്രാമപഞ്ചായത്തുകളുടെ പ്രാഥമിക ലക്ഷ്യം എല്ലാവരെയും ഉൾകൊണ്ടുകൊണ്ടുള്ളതും സുസ്ഥിരവുമായ വികസനം സാധ്യമാക്കുക എന്നതാവണം.. ഈ ലക്ഷ്യത്തിന്റെ ആദ്യപടി അടിസ്ഥാന വികസന ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള സ്വയംപര്യാപ്തത ആർജ്ജിക്കുക എന്നതാണ്. അധികാര വികേന്ദ്രീകരണവും ജനകീയ ആസൂത്രണവും നമ്മുടെ പ്രവർത്തനങ്ങളിൽ ഉണ്ടാക്കിയിട്ടുള്ള ഉണർവ് എടുത്തു പറയേണ്ട ഒന്നാണ് . കഴിഞ്ഞ നാളുകളിൽ നാം നടത്തിയ വികസന പദ്ധതികളുടെ ഭാഗമായി ഒട്ടേറെ നേട്ടങ്ങൾ കൈവരിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. അതിൽ നിന്നുള്ള അനുഭവങ്ങൾ ഉൾക്കൊണ്ടുകൊണ്ട് പുതിയ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുന്ന വിധത്തിൽ വരും നാളുകളിലെ പദ്ധതികൾ രൂപീകരിക്കാനും നടപ്പിലാക്കാനുംനമുക്ക്കഴിയണം.

ഈ പദ്ധതികളിലൂടെ എല്ലാവർക്കും ഭക്ഷണം, കുടിവെള്ളം, വീട്, വെള്ളം, വെളിച്ചം തുടങ്ങിയ ആവശ്യങ്ങൾ ഗ്രാമപഞ്ചായത്തുകൾക്ക് ഉറപ്പാക്കാൻ കഴിഞ്ഞാൽ സമൂഹത്തിലെ ഉള്ളവനും ഇല്ലാത്തവരും തമ്മിലുള്ള അന്തരം കുറച്ച് കൊണ്ടുവരാനാകും . ഇത്തരത്തിൽ സൂക്ഷ്മതലത്തിൽ സൃഷ്ടിക്കപ്പെടുന്ന പ്രാദേശിക ജനതകൾ ഒത്തുചേരുമ്പോൾ മാത്രമാണ് സംസ്ഥാനവും രാജ്യവും സ്ഥായിയും നീതിപൂർവവുമായ വികസനം കൈവരിക്കുക. ഉയർന്ന രീതിയിലുള്ള ആശയ ദൃഢതയും സമർപ്പണവും പ്രായോഗിക പരിജ്ഞാനമുള്ള ജനപക്ഷ വികസനത്തിനായുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന്റെ ഭാഗമായിട്ടാണ് നമ്മുടെ ഗ്രാമപഞ്ചായത്തിലെ ജനങ്ങൾക്കിടയിലെ മെച്ചപ്പെട്ട ജീവിതനിലവാരം.

ഭവന രഹിതരില്ലാത്ത ഗ്രാമം എന്ന സ്വപ്നം സാക്ഷാൽക്കരിക്കുന്നതിന് നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ അഭിമാന പദ്ധതിയായ ലൈഫ് ഫ്ലാറ്റ് നിർമാണത്തിന് ആദ്യഘട്ടമായി ഒരേക്കർ ഭൂമി വാങ്ങി തുടർ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു . എല്ലാവർക്കും കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പൂർത്തിയായി . അതിദാരിദ്ര്യം ഇല്ലാതാക്കുന്ന സംസ്ഥാന സർക്കാരിന്റെ പ്രവർത്തനങ്ങളിൽ എല്ലാ പിന്തുണയും നൽകുന്നു. ആരോഗ്യ മേഖലയിൽ സമഗ്രമായ ഇടപെടൽ നടത്തുന്നതിന് നമുക്ക് കഴിഞ്ഞിട്ടുണ്ട്. എല്ലാ പ്രദേശങ്ങളിലും വെളിച്ചം എത്തിക്കാനായി. ശുചിത്വ പ്രവർത്തനങ്ങളിൽ അഭിമാനാർഹമായ നേട്ടം കൈവരിക്കാനായി. 2023-24 വർഷത്തെ മികച്ച പ്രവർത്തനത്തിന് സ്വരാജ് ട്രോഫി നമുക്ക് നേടാൻ ആയത് അഭിമാനാർഹമാണ്. നെന്മണിക്കര ഗ്രാമപഞ്ചായത്തിന്റെ 2025-26 സാമ്പത്തിക വർഷത്തെ ബജറ്റ് അവതരിപ്പിക്കുന്ന യോഗത്തിലേക്ക് എത്തിച്ചേർന്ന എല്ലാവരെയും സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു. മാറിയ ലോക സാഹചര്യത്തിൽ നമ്മുടെ ആവാസ വ്യവസ്ഥയിലുണ്ടായ മാറ്റങ്ങൾ ഉൾക്കൊണ്ട് വികസന പ്രവർത്തനങ്ങൾ രൂപപ്പെടുത്തുവാനും നടപ്പാക്കാനും നമുക്ക് കഴിയണം.

കൂടാതെ വരും വർഷത്തെ പദ്ധതി തുക ഉപയോഗിച്ച് നടപ്പിലാക്കുന്ന മുഴുവൻ പ്രൊജക്ടുകളും ഈ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട് എന്നത് അഭിമാനാർഹമാണ്. ബജറ്റിന് എല്ലാവിധ ആശംസകളും നേരുന്നു.

സ്നേഹപൂർവ്വം,

**ടി.എസ്.ബൈജു**
**പ്രസിഡണ്ട്**



## ബജറ്റ് 2025–26

2023–24 വർഷത്തെ മികച്ച ഗ്രാമപഞ്ചായത്തിനുള്ള സ്വരാജ് ട്രോഫി ജില്ലയിൽ രണ്ടാം സ്ഥാനം നമുക്ക് നേടാൻ കഴിഞ്ഞത് അത്യന്തം അഭിമാനാർഹമാണ് .ഈ അമൂല്യ അംഗീകാരം നേടുന്നതിൽ ഭരണസമിതിക്ക് വേണ്ടി ഒപ്പം പ്രവർത്തിച്ച എല്ലാവർക്കും അഭിനന്ദനങ്ങൾ അറിയിച്ചുകൊണ്ട് ബജറ്റ് അവതരണത്തിലേക്ക് പ്രവേശിക്കട്ടെ .

നമ്മുടെ ഗ്രാമപഞ്ചായത്ത് പ്രദേശത്തെ എല്ലാ വിഭാഗം ജനങ്ങളുടെയും അഭിപ്രായങ്ങൾ ഗ്രാമസഭകളിലൂടെയും വർക്കിംഗ് ഗ്രൂപ്പുകളിലൂടെയും കേട്ടും ഉൾക്കൊണ്ടും തയ്യാറാക്കിയതാണ് ഈ ഭരണസമിതിയുടെ അഞ്ചാമത്തേതും അവസാനത്തേതും ആയ 2025–26 ലേക്കുള്ള ഈ വാർഷിക ബജറ്റ് .

ഗ്രാമപഞ്ചായത്ത് പ്രദേശത്തെ കുട്ടികളുടെയും വയോജനങ്ങളുടെയും വിഭിന്നശേഷിക്കാരുടെയും വനിതകളുടെയും ആവശ്യങ്ങളും ആശയങ്ങളും ഉൾക്കൊണ്ടുകൊണ്ട് വർക്കിംഗ് ഗ്രൂപ്പ് ചർച്ചകളിലൂടെയും ഗ്രാമസഭ നിർദേശങ്ങളിലൂടെയും തയ്യാറാക്കിയ ഈ ബജറ്റ് ഒരു ജന്റർ ബജറ്റിംഗ് തന്നെയാണെന്ന് നമ്മൾക്ക് അഭിമാനത്തോടെ പറയാം.

കഴിഞ്ഞ സാമ്പത്തിക വർഷം നമ്മൾ നിറച്ചാർത്ത് 2024 എന്ന പേരിൽ കുട്ടികൾക്കും വിഭിന്നശേഷിക്കാർക്കും വനിതകൾക്കും വയോജനങ്ങൾക്കും വേണ്ടി നാല് ദിവസത്തെ ഒരു കലാമേള നമ്മുടെ ഗ്രാമപഞ്ചായത്ത് പരിസരത്ത് അരങ്ങേറിയത് ജെന്റർ ബജറ്റിംഗ് എന്ന ആശയം നമ്മുടെ ഗ്രാമപഞ്ചായത്തിൽ പ്രാവർത്തികമാക്കിയതിന്റെ ഒരു ഉത്തമ ഉദ്ദാഹരണമാണ്

ബാലസൗഹൃദ ബജറ്റ് "കുന്നിക്കുരുമണി 2024"തയ്യാറാക്കിയ ജില്ലയിലെ ആദ്യത്തെ ഗ്രാമപഞ്ചായത്ത് നമ്മുടെ ഗ്രാമപഞ്ചായത്ത് ആണ്. ഈ വർഷവും ബജറ്റിൽ നെൻമണിക്കര ബാലസൗഹൃദ ഗ്രാമപഞ്ചായത്ത് എന്ന പ്രഖ്യാപനം നടത്തി തന്നെയാണ് പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്.ഘടക സ്ഥാപനങ്ങളും ബാലസൗഹൃദമാക്കുന്നു. കുട്ടികളുടെ ആരോഗ്യവും മാനസിക ഉല്ലാസവും വർദ്ധിപ്പിക്കൽ വിദ്യാഭ്യാസ നിലവാരം ഉയർത്തൽ, മത്സര പരീക്ഷകൾക്ക് തയ്യാറാക്കൽ എന്നിവ ലക്ഷ്യം വെച്ച് ബജറ്റിൽ തുക വകയിരുത്തിയിരിക്കുന്നു.

ഗ്രാമപഞ്ചായത്ത് ഓഫീസ് സമുച്ചയത്തിൽ കുട്ടികൾക്കായി കതിരുകൾ എന്ന പേരിൽ കഴിഞ്ഞ വർഷം പ്രവർത്തനം ആരംഭിച്ച ചൈൽഡ് റിസോഴ്സ് സെൻറർ പ്രവർത്തനങ്ങൾ വിപുലമാക്കുന്നതിന് തുക വകയിരുത്തിയിട്ടുണ്ട്

ഗ്രാമപഞ്ചായത്ത് പ്രദേശത്തിലെ എല്ലാ നിവാസികളും ആരോഗ്യമുള്ളവർ ആയിരിക്കണം എന്നതാണ് ഗ്രാമപഞ്ചായത്തിന്റെ ലക്ഷ്യം .കൊറോണ എന്ന

മഹാവിപത്തിനെ അതിജീവിച്ച കരുത്തുമായി ജീവിതശൈലി രോഗങ്ങ ളും ക്യാൻസറും മഹാവ്യാധികളും തടയുന്നതിനും ,കിടപ്പുരോഗികൾ, കിഡ്നി , ക്യാൻസർ , സ്ട്രോക്ക് ഉൾപ്പെടെ ബാധിച്ച രോഗികളുടെ മാനസിക ഉല്ലാസം ഉറപ്പാക്കുന്നതിനും പാലിയേറ്റീവ് പ്രവർത്തനം സമ്പൂർണ്ണ നിലവാരത്തോടും രോഗികളുടെ മനസ്സിനും ആരോഗ്യത്തിനും തൃപ്തിയാകുന്ന വിധം നടപ്പിലാക്കുന്നതിനും ആരോഗ്യ ക്യാമ്പുകൾ നടത്തുന്നതിനും മരുന്നുവാങ്ങൽ ഉൾപ്പെടെയുള്ള ആരോഗ്യ മേഖലയ്ക്ക് ആവശ്യമായ മുഴുവൻ തുക നൽകുന്നതിനും ബജറ്റിൽ വകയിരുത്തി ഗ്രാമപഞ്ചായത്തിനെ ഒരു സമ്പൂർണ്ണ ആരോഗ്യകുടുംബം ആക്കണം എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത് .

അതിദാരിദ്ര്യം മുക്ത ഗ്രാമപഞ്ചായത്ത് എന്ന നിലയിലേക്ക് നമ്മുടെ ഗ്രാമപഞ്ചായത്ത് മാറിയിട്ടുണ്ട് ആയത് നിലനിർത്തുന്നതിന് വേണ്ട പദ്ധതിക്ക് തുക വകയിരുത്തിയിട്ടുണ്ട് . ഈ മേഖലയിലുള്ളവരുടെ ഉയർന്ന ജീവിതനിലവാരത്തിനായി മരുന്ന് ,വസ്ത്രം ഉല്ലാസം മുതലായവക്കായി സ്പോൺസർഷിപ്പും പഞ്ചായത്ത് ഫണ്ടും ഉൾപ്പെടെ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട് .ഭരണസമിതിക്ക് ഈ പ്രവർത്തനം വളരെ അഭിമാനപുരസരം നടത്തിവരുന്ന പദ്ധതിയാണെന്ന് തന്നെ പറയാവുന്നതാണ്.

ഗ്രാമപഞ്ചായത്ത് മാലിന്യനിർമ്മാർജ്ജനം പ്രീമിയം ലെവൽ എന്നതാണ് ലക്ഷ്യം. ശുചിത്വത്തിന് വിട്ടുവീഴ്ചയില്ലാത്ത പ്രാധാന്യമാണ് നമ്മുടെ ഭരണസമിതി നൽകുന്നത് . ഗ്രാമപഞ്ചായത്ത് പ്രദേശം പ്ലാസ്റ്റിക് മാലിന്യമുക്തമാക്കുക എന്ന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് ഗ്രാമപഞ്ചായത്തിലെ എല്ലാ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും പ്ലാസ്റ്റിക് അജൈവമാലിന്യങ്ങൾ ശേഖരിക്കുന്നതിന് ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങൾക്ക് ഗ്രാമപഞ്ചായത്ത് സമ്പൂർണ്ണ പിന്തുണയും നൽകുന്നുണ്ട്.ഹരിതകർമ്മ സേന പ്രവർത്തനം വിപുലവും ജനകീയവുമായി സംഘടിപ്പിക്കുക എന്നുള്ളതാണ് ഗ്രാമപഞ്ചായത്ത് ലക്ഷ്യമിടുന്നത്. സംസ്ഥാന അടിസ്ഥാനത്തിൽ തന്നെ മികച്ച പ്രവർത്തനം നടത്തുന്നതിന് നമ്മൾക്ക് കഴിഞ്ഞിട്ടുണ്ട് . എല്ലാ വീടുകളിൽ നിന്നും അജൈവ മാലിന്യങ്ങളും അതിന്റെ ഭാഗമായി 100 ശതമാനം യൂസർഫീസും ശേഖരിക്കുക എന്ന ലക്ഷ്യം നമ്മൾ കൈവരിച്ചിട്ടുണ്ട്.ഈ മേഖലയിൽ എംസിഎഫിൽ തരംതിരിച്ച പ്ലാസ്റ്റിക് ക്ലീൻ കേരള കമ്പനിയിൽ എത്തിക്കുന്നത് ഉൾപ്പെടെയുള്ള 100% പ്രവർത്തനങ്ങൾക്കായി ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്

"നെൻമണിക്കര ഒരു ലഹരിമുക്ത കര"- എന്ന ലക്ഷ്യം വച്ചാണ് ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ. ലഹരിക്കെതിരെയായ ബോധവൽക്കരണം നടത്തുന്നതിന് കുട്ടികളുടെ ഫ്ലാഷ് മോബ് ബോധവൽക്കരണ ക്യാമ്പുകൾ,ക്ലാസുകൾ മുതലായവ നിലവിൽ ഗ്രാമപഞ്ചായത്ത് ഈ വർഷത്തിൽ വരെ നടപ്പാക്കിയത് ഭരണസമിതിയുടെ ഒരു മുൻകാഴ്ച തന്നെയാണ്.ഇന്നത്തെ ഈ മാറിയ ജീവിത സാഹചര്യത്തിൽ കുട്ടികൾ ലഹരിക്ക് അടിമപ്പെടാതിരിക്കാൻ എല്ലാ മാർഗ്ഗങ്ങളും സ്വീകരിക്കുന്നതിന് വേണ്ട തുക ഉൾപ്പെടുത്തിയാണ് ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്.

സ്ത്രീകളുടേയും കുട്ടികളുടേയും സുരക്ഷയ്ക്കു വേണ്ടി ജാഗ്രതാസമിതി പ്രവർത്തനങ്ങൾ വിപുലമാക്കുന്നതിനും ബാലബാലിക സഭകൾ നടത്തുന്നതിനും,മെൻസ്ട്രുവൽ കപ്പ് വിതരണം , എച്ച്.പി വാക്സിനേഷൻ മുതലായവ തുടരുന്നതിനും തുക വകയിരുത്തിയിട്ടുണ്ട്

"ആർട്സും സ്പോർട്സും സംസ്കാരവും ആയിരിക്കും നമ്മുടെ ലഹരി " എന്നതാണ് ഗ്രാമപഞ്ചായത്തിന്റെ യുവതലമുറയ്ക്കായുള്ള കരുത്താർന്ന മുദ്രാവാക്യം .ആൺകുട്ടികൾക്ക് ഫുട്ബോൾ പരിശീലനവും,പെൺകുട്ടികൾക്ക് ബാസ്കറ്റ്ബോൾ പരിശീലനവും കേരളോത്സവത്തിലൂടെയുള്ള കലാകായിക മത്സരങ്ങളും നിറച്ചാർത്ത് പദ്ധതിയിലുള്ള കലോത്സവത്തിലൂടെയും നമ്മുടെ ഈ മുദ്രാവാക്യം സാക്ഷാത്കരിക്കാനാകും. ആയതിന് വേണ്ടിയുള്ള 100% ചെലവിനും ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

പഞ്ചായത്തിനെ കുറിച്ച് പഠിക്കാനും അറിവുകൾ പരസ്പരം ശേഖരിക്കുന്നതിനുള്ള ഒരു വേദി പഞ്ചായത്ത് ലേണിംഗ് സെന്റർ എന്നപേരിൽ കിലയുടെ സഹകരണത്തോടെ തയ്യാറാക്കുന്നതിന് ഈ വർഷം ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

സമൂഹം അറിവധിഷ്ഠിത സമ്പദ് വ്യവസ്ഥയിലേക്ക് മാറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ നമ്മുടെ പഞ്ചായത്തും അതിനനുസൃതമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്തുന്നുണ്ട്. നടപ്പ് സാമ്പത്തിക വർഷം നടപ്പാക്കിയ തൊഴിൽ സഭയും തൊഴിൽമേളയും ഉദാഹരണങ്ങളാണ്. ഇത്തരം പദ്ധതികൾക്കായി ഈ വർഷത്തെ ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

നെന്മണിക്കര ഗ്രാമപഞ്ചായത്തിന് അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ഒരു ഓഫീസ് സമുച്ചയം നിർമ്മിക്കുന്നതിനായി 2023-24 ൽ കേരള സർക്കാർ ബഡ്ജറ്റിൽ രണ്ടര കോടി രൂപയും ഈ വർഷം ബ്ലോക്ക് പഞ്ചായത്ത് 15 ലക്ഷം,ജില്ലാ പഞ്ചായത്ത് 25 ലക്ഷം,തനത് ഫണ്ട് 75 ലക്ഷം രൂപയും കൂടി ആകെ 3 കോടി 65 ലക്ഷം രൂപക്ക് ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. ആയതിന്റെ നിർമ്മാണത്തിനാവശ്യമായ ഡി .പി.ആർ ഗവ.എഞ്ചിനീയറിംഗ് കോളേജ് മുഖേന തയ്യാറാക്കിയിട്ടുള്ളതും പദ്ധതി ടെണ്ടർ നടപടിയിലുമാണ്. ഈ ഭരണസമിതിയുടെ കാലയളവിൽ തന്നെ പദ്ധതി ആരംഭിക്കാനാകും .

ഭവനരഹിതരില്ലാത്ത കേരളം എന്ന ഉന്നതമായ ലക്ഷ്യം മുന്നിൽകണ്ട് നടപ്പാക്കിവരുന്ന കേരള സർക്കാരിന്റെ അഭിമാന പദ്ധതിയാണ് ലൈഫ്. അതിന്റെ ഭാഗമായി നമ്മുടെ ഗ്രാമപഞ്ചായത്തിൽ ബഹുമാനപ്പെട്ട സർക്കാരിന്റെ സഹായത്തോടെയും വിവിധതരം ഫണ്ടുകളും പഞ്ചായത്തിന്റെ തനത് ഫണ്ടും വിനിയോഗിച്ചുകൊണ്ട് നമുക്കേവർക്കും അഭിമാനിക്കാവുന്ന ലൈഫ് ഭവനപദ്ധതി -ഫ്ലാറ്റ് നിർമ്മാണം എന്ന പദ്ധതിക്ക് ഈ വർഷം ഒരു കോടി 65 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിന്റെ സ്വപ്ന പദ്ധതിയായ ലൈഫ് ഫ്ലാറ്റ് നിർമ്മാണത്തിന് ഒരേക്കർ സ്ഥലം ജില്ലാ ബോക്ക് പഞ്ചായത്തിന്റെ സഹകരണത്തോടെ വാങ്ങിയിട്ടുണ്ട് . അതിൽ ഭവനരഹിതരായ ഏകദേശം 100 ഓളം കുടുംബങ്ങൾക്ക് പാർപ്പിട സൗകര്യം ഈ ഫ്ലാറ്റ് നിർ

മ്മാണത്തിലൂടെ സാധിക്കുന്നു. ഫ്ലാറ്റ് സമുച്ചയത്തിൽ എല്ലാവിധ ഭൗതിക സാഹചര്യങ്ങളും ഒരുക്കുന്നുണ്ട്. പൊതുകിണർ നിർമ്മാണം കഴിഞ്ഞിട്ടുണ്ട് .ഭവനരഹിതരില്ലാത്ത നെന്മണിക്കര എന്നതാണ് നമ്മുടെ പ്രഖ്യാപിത ലക്ഷ്യം.

കാർഷിക മേഖലയിലെ സമഗ്ര വികസനം ലക്ഷ്യമാക്കിയുള്ള വിവിധ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ജലസ്രോതസ്സുകൾ സംരക്ഷിച്ച് നിലനിർത്തിക്കൊണ്ടും വിഷരഹിതമായ പച്ചക്കറി ഉൽപാദനം ഉൾപ്പെടെ കാർഷിക മേഖലയ്ക്ക് പ്രാധാന്യം കൊടുത്തു കൊണ്ടും സർക്കാർ ഏറ്റെടുത്തിട്ടുള്ള ഹരിത കേരളം മിഷന്റെ പ്രവർത്തനങ്ങൾ ഏറെ പ്രാധാന്യത്തോടെ നടപ്പാക്കുന്നതിന് ഈ ബജറ്റ് ലക്ഷ്യമിടുന്നു. നെൽകൃഷിക്ക് കൂലിച്ചിലവ്, വിത്ത് എന്നിവയുടെ വിതരണം, വാഴകൃഷിക്ക് ജൈവവളം രാസവളം കുമ്മായം എന്നിവ സബ്സിഡി നിരക്കിൽ വിതരണം, ഇഞ്ചി മഞ്ഞൾ, ചേന, കാച്ചിൽ തുടങ്ങിയ കിഴങ്ങ് വർഗ്ഗ വിളകൾ നടീൽ വസ്തുവായി വിതരണം, തെങ്ങിന് ജൈവവളം രാസവളം കുമ്മായം എന്നിവ സബ്സിഡി നിരക്കിൽ വിതരണം, ഭൂമി കുറവുള്ള കർഷകർക്ക് ഗ്രോ ബാഗിൽ കൃഷി ,ഗുണമേന്മയുള്ള മോഹിത് നഗർ കവുങ്ങിൻ തൈ സബ്സിഡി നിരക്കിൽ വിതരണം,പച്ചക്കറി വിത്ത് തൈകൾ എന്നിവ സബ്സിഡി നിരക്കിൽ സൗജന്യമായി വിതരണം .ജാതിക്ക് ജൈവവളം രാസവളം കുമ്മായം എന്നിവ സബ്സിഡി നിരക്കിൽ വിതരണം, കേടുവന്ന തെങ്ങുകൾ മുറിച്ചു മാറ്റുന്നതിനും അത്യുൽപാദനശേഷിയുള്ള പുതിയ തെങ്ങിൻ തൈകൾ വിതരണം ചെയ്യൽ എന്നീ പ്രവർത്തികൾക്കായി ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.ബഹുമാനപ്പെട്ട പുതുക്കാട് എം.എൽ.എ യുടെ പൊലിമ പുതുക്കാട് പദ്ധതിയും ഇതിലൂടെ നടപ്പിലാക്കുന്നു.കൃഷിക്ക് ഗുണപ്രദമാകുന്നതിന് ലിഫ്റ്റ് ഇറിഗേഷൻ വിപുലീകരണത്തിന് വേണ്ട തുകയും , നഗരസഞ്ചയ പദ്ധതിയിലൂടെ തലോർ കായൽതോട് നവീകരണത്തിന് ഒന്നര കോടി രൂപയും ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്

ഗതാഗത മേഖലയിൽ നിലവിലെ ആസ്തിയിലുള്ള എല്ലാ റോഡുകളും നല്ല നിലവാരത്തിൽ പൂർണ്ണമായും പൂർത്തീകരിക്കുന്നതിന് ബജറ്റിൽ മെയിൻറനൻസ് ഗ്രാന്റിൽ ഒരു കോടി അറുപത്തിയഞ്ച് ലക്ഷത്തി അമ്പത്തി അയ്യായിരം (16555000) രൂപ വകയിരുത്തിയിട്ടുണ്ട്.

തൊഴിലുറപ്പ് പദ്ധതി ഊർജിതമായി നടപ്പാക്കുന്ന ഒരു ഗ്രാമപഞ്ചായത്താണ് നമ്മുടേയത്. 2025-26 സാമ്പത്തിക വർഷം ആയതിലേക്ക് രണ്ടുകോടി ഒരു ലക്ഷം രൂപ ചെലവഴിച്ചുകൊണ്ട് 26042 തൊഴിൽ ദിനങ്ങൾക്കാണ് ബജറ്റ് ലക്ഷ്യം വയ്ക്കുന്നത്.

പട്ടികജാതി വിഭാഗം ക്ഷേമ പ്രവർത്തനങ്ങൾക്കായി 53,96,000 രൂപ വികസന ഫണ്ടിൽ നിന്നും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. വികസനഫണ്ട് കൂടാതെ തനത് ഫണ്ടും ഉപയോഗിച്ച് ഈ വിഭാഗത്തിനെ സമൂഹത്തിൽ സാമൂഹികവും സാമ്പത്തികവും ആയ യാതൊരു വിവേചനവും ഇല്ലാത്തവരായി ഉയർത്തുന്നതിന് ശ്രമിക്കുന്നു

ഘടക സ്ഥാപനങ്ങളിൽ സോളാർ എനർജി സ്ഥാപിക്കലിനായി "സൂര്യകാന്തി 2025" എന്ന പേരിൽ പദ്ധതിക്കും, ഹൈമാസ്റ്റ് മിനിമാസ്റ്റ് ലൈറ്റുകളുടെ വാർഷിക മെയിൻറനൻസ് , സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് , സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ , ഗതാഗതതടസ്സം സൃഷ്ടിക്കുന്ന ഇലക്ട്രിക്

പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ എന്നീ പ്രവർത്തികൾക്കായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

100 ശതമാനം നികുതിയും വരവാക്കുന്നതിനും തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കേണ്ടതുണ്ട് . ആയതിന് സഹായകമാകുന്ന പ്രവർത്തനങ്ങൾ ഈ ബജറ്റ് ലക്ഷ്യമിടുന്നു.

ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത് നടപ്പാക്കുന്ന എല്ലാ പദ്ധതികൾക്കും എല്ലാവിധ പിന്തുണയും നൽകി ഒപ്പം നിൽക്കുന്ന എം.എൽ.എ , എം.പി , ജനപ്രതിനിധികൾ, നിർവഹണ ഉദ്യോഗസ്ഥർ, ജീവനക്കാർ, ഘടകസ്ഥാപന ജീവനക്കാർ, ഉപരിയായി ഗ്രാമപഞ്ചായത്തിലെ ജനങ്ങൾ, വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ, കിലയിലെ റിസോഴ്സ് അംഗങ്ങൾഎന്നിവർക്കുള്ള നന്ദി പറയാൻ ഈ അവസരം വിനിയോഗിക്കുന്നു.

2025-26 സാമ്പത്തിക വർഷം ആകെ 34,34,25,594/-രൂപ വരവും 33,54,09,399/-രൂപ ചെലവും 80,16,195/-രൂപ നീക്കിയിരിപ്പും പ്രതീക്ഷിക്കുന്ന ബജറ്റ് ഭരണസമിതിയുടെ പരിഗണനക്കും അംഗീകാരത്തിനുമായി സവിനയം സമർപ്പിക്കുന്നു.

സസ്നേഹം,

ശ്രീമതി.രാജലക്ഷ്മി രെനീഷ്

വൈസ് പ്രസിഡണ്ട്

നെന്മണിക്കര ഗ്രാമപഞ്ചായത്ത്

NENMANIKKARA GRAMA PANCHAYAT

DRAFT BUDGET FOR THE YEAR 2025-26

# നെൻമണിക്കര ഗ്രാമപഞ്ചായത്ത്

## കരട് ബജറ്റ് 2025-26

ധനകാര്യ സ്ഥിരം സമിതിയുടെ 12/03/2025 തീയതിയിലെ
1(1) - നമ്പർ തീരുമാന പ്രകാരവും
ഭരണസമിതിയുടെ 14/03/2025 തീയതിയിലെ
1(1) - നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചത്

*Prepared in Easy Budget Solution 12.1 Designed by Rameshan TV, AITE*

## നെന്മണിക്കര ഗ്രാമപഞ്ചായത്ത്

### 2025-26 ബജറ്റ് സംഗ്രഹം

| | |
|---|---|
| മുൻബാക്കി | 1,52,41,094 |
| വരവ് | 32,81,84,500 |
| ആകെ വരവ് | 34,34,25,594 |
| ചെലവ് | 33,54,09,399 |
| നീക്കി ബാക്കി | 80,16,195 |

### വരവുകൾ

| | |
|---|---|
| മുൻബാക്കി | 1,52,41,094 |
| നികുതി വരുമാനം | 1,33,00000 |
| നികുതിയേതര വരുമാനം | 59,35,500 |
| ജനറൽ പർപ്പസ് ഫ് | 1,53,71,000 |
| റവന്യൂ ഗ്രാന്റ് - മറ്റു പദ്ധതി ചെലവുകൾക്ക് | 18,18,16,800 |
| റവന്യൂ ഗ്രാന്റ് - മറ്റു പദ്ധതിയേതര ചെലവുകൾക്ക് | 7,75,00,000 |
| മൂലധന വരവ്, വായ്പ വാങ്ങൽ | 30,00,000 |
| വായ്പ ഒഴികെയുള്ള മൂലധന വരവുകൾ | 3,12,61,200 |
| **ആകെ വരവുകൾ** | **34,34,25,594** |

### ചെലവുകൾ

| | |
|---|---|
| റവന്യൂ ചെലവുകൾ- അനിവാര്യ ചെലവുകൾ | 2,92,66,100 |
| റവന്യൂ ചെലവുകൾ- പദ്ധതി | 22,65,08,299 |
| റവന്യൂ ചെലവുകൾ- പദ്ധതിയേതര | 7,75,00,000 |
| മറ്റ് മൂലധന ചെലവുകൾ | 21,35,000 |
| | |
| **ആകെ ചെലവുകൾ** | **33,54,09,399** |
| | |
| **നീക്കിബാക്കി** | **80,16,195** |

# NENMANIKKARA GRAMA PANCHAYAT

## BUDGET FOR YEAR 2025-26

| Particulars - ഇന വിവരം | | | Actuals for the year 2023-24 യഥാർത്ഥ കണക്ക് 2023-24 | Revised Budget for the year 2024-25 പരിഷ്കരിച്ച ബജറ്റ് 2024-25 | Budget for the year 2025-26 ബജറ്റ് 2025-26 |
|---|---|---|---|---|---|
| A | Opening balance(net) - പ്രാരംഭ ബാക്കി | WS-1 | 24,173,211 | 14,499,564 | 15,241,094 |
| B | a) Tax revenue - നികുതി വരുമാനം | BS-1 | 10,067,788 | 11,950,000 | 13,300,000 |
| C | b) Non tax revenue - നികുതിയിതര വരുമാനം | BS-2 | 4,714,514 | 5,555,500 | 5,935,500 |
| D | Total Own Fund - ആകെ തനത് ഫണ്ട് | (B+C) | 14,782,302 | 17,505,500 | 19,235,500 |
| E | c) General Purpose Fund - ജനറൽ പർപ്പസ് ഫണ്ട് | BS-3 | 10,113,300 | 13,484,400 | 15,371,000 |
| F | Total -ആകെ | (D+E) | 24,895,602 | 30,989,900 | 34,606,500 |
| G | d) Other Grants(Plan) - മറ്റ് റവന്യൂ ഗ്രാന്റുകള് -പദ്ധതി ചെലവുകൾക്ക് | BS-4 | 41,157,649 | 77,981,233 | 181,816,800 |
| H | e) Other Grants(Non-Plan) - മറ്റ് റവന്യൂ ഗ്രാന്റുകള് -പദ്ധതിയേതര ചെലവുകൾക്ക് | BS-5 | 38,188,300 | 60,500,000 | 77,500,000 |
| I | Toal Revenue Income - ആകെ റവന്യൂ വരവുകൾ | (F+G+H) | 104,241,551 | 169,471,133 | 293,923,300 |
| J | Capital Income - Loans -മൂലധന വരവ്-വായ്പ വാങ്ങൽ | BS-6 | 100,000 | 3,000,000 | 3,000,000 |
| K | Capital Income other than loans - വായ്പ ഒഴികെ മൂലധന വരവുകൾ | BS-7 | 10,676,967 | 115,307,258 | 31,261,200 |
| L | Total Capital Income - ആകെ മൂലധന വരവുകൾ | (J+K) | 10,776,967 | 118,307,258 | 34,261,200 |
| M | Total Income - ആകെ വരവുകൾ | (I+L) | 115,018,518 | 287,778,391 | 328,184,500 |
| N | Total Income+Net opening balance - ആകെ വരവുകളും പ്രാരംഭ ബാക്കിയും | (M+A) | 139,191,729 | 302,277,955 | 343,425,594 |

| Particulars - ഇന വിവരം | | | Actuals for the year 2023-24 യഥാർത്ഥ കണക്ക് 2023-24 | Revised Budget for the year 2024-25 പരിഷ്കരിച്ച ബജറ്റ് 2024-25 | Budget for the year 2025-26 ബജറ്റ് 2025-26 |
|---|---|---|---|---|---|
| O | Revenue Expenditure-Statutory functions-റവന്യു ചെലവുകള് -അനിവാര്യ ചുമതലകൾക്ക് | BS-8 | 18,359,955 | 23,134,100 | 29,266,100 |
| P | Revenue Expenditure-Plan - റവന്യു ഗ്രാന്റിൽ നിന്നുള്ള പദ്ധതി ചെലവുകൾ | BS-9 | 57,643,910 | 190,402,761 | 226,508,299 |
| Q | Revenue Expenditure-Non-Plan - റവന്യു ഗ്രാന്റിൽ നിന്നുള്ള പദ്ധതിയേതര ചെലവുകൾ | BS-10 | 38,188,300 | 60,500,000 | 77,500,000 |
| R | Total Revenue Expenditure - ആകെ റവന്യു ചെലവുകൾ | (O+P+Q) | 114,192,165 | 274,036,861 | 333,274,399 |
| S | Capital Expenditure -Loan repayments - മൂലധന ചെലവുകള് -വായ്പ തിരിച്ചടവ് | BS-11 | 0 | 0 | 0 |
| T | Capital expenditure other than loan repayments - മറ്റ് മൂലധന ചെലവുകൾ | BS-12 | 10,500,000 | 13,000,000 | 2,135,000 |
| U | Total Capital Expenditure - ആകെ മൂലധന ചെലവുകൾ | (S+T) | 10,500,000 | 13,000,000 | 2,135,000 |
| V | Total Expenditure - ആകെ ചെലവുകൾ | (R+U) | 124,692,165 | 287,036,861 | 335,409,399 |
| W | Closing Balance - നീക്കി ബാക്കി | (N-V) | 14,499,564 | 15,241,094 | 8,016,195 |

# NENMANIKKARA GRAMA PANCHAYAT

## BUDGET FOR YEAR 2025-26

| Code | Budget Head | Actuals for the year 2023-24 | Revised Budget for the year 2024-25 | Budget for the year 2025-26 |
|---|---|---|---|---|
| WS 1 OPENING BALANCE (NET = B17+B15+B12 - B2-B4-B7-B9) | | 24,173,211 | 14,499,564 | 15,241,094 |
| INCOME | | | | |
| BS-1-REVENUE INCOME-TAXES | | | | |
| 1101001 | Property Tax-വസ്തു നികുതി | 6,740,583 | 8,400,000 | 9,400,000 |
| 1102001 | Profession Tax-തൊഴിൽ നികുതി | 2,439,000 | 2,550,000 | 2,700,000 |
| 1104001 | Entertainment Tax-വിനോദനികുതി | 888,205 | 1,000,000 | 1,200,000 |
| 110 | Total-Tax Revenue | 10,067,788 | 11,950,000 | 13,300,000 |
| BS-2--REVENUEINCOME-NON-TAX | | | | |
| 130 | Rental Income from Panchayat Properties | | | |
| 1301001 | Rent from Land and Buildings-സ്ഥലങ്ങളുടെയും കെട്ടിടങ്ങളുടെയും വാടക | 268,831 | 280,000 | 280,000 |
| 1303001 | Rent from Auditoriums and Halls- ആഡിറ്റോറിയം/ഹാൾ വാടക | 3,750 | 10,000 | 10,000 |
| 1308001 | Other Rents- മറ്റ് വാടകകൾ | 35 | 0 | |
| 130 | Total-Rental Income from Panchayat Properties | 272,616 | 290,000 | 290,000 |
| 140 | Fees & User Charges | | | |
| 1401001 | Empanelment & Registration Charges/ Fees-രജിസ്ട്രേഷൻ ചാർജ്/ഫീസ് | 700 | 5,000 | 5,000 |
| 1401101 | Licence Fees-ലൈസൻസ് ഫീസ് | 474,600 | 520,000 | 600,000 |
| 1401201 | Fee for Grant of Permit-പെർമിറ്റ് ഫീസ് | 2,434,048 | 1,900,000 | 2,100,000 |

| Code | Budget Head | Actuals for the year 2023-24 | Revised Budget for the year 2024-25 | Budget for the year 2025-26 |
|---|---|---|---|---|
| 1401301 | Fees for Certificate or Extract-സർട്ടിഫിക്കറ്റ്/എക്സ്ട്രാക്റ്റ് ഫീ | 11,422 | 13,000 | 13,000 |
| 1402001 | Penalties and Fines-ഫൈൻ | 438,794 | 450,000 | 500,000 |
| 1404001 | Miscellaneous Fees-മറ്റ് ഫീസുകൾ | 229,783 | 250,000 | 250,000 |
| 1405001 | User Charges Collected-യൂസർ ചാർജ് | 1,184 | 17,500 | 17,500 |
| 1407001 | Service/ Administrative Charges-സർവീസ്/അഡ്മിനിസ്ട്രേറ്റിവ് ചാർജുകൾ | 0 | 820,000 | 820,000 |
| 140 | Total-Fees & User Charges- | 3,590,531 | 3,975,500 | 4,305,500 |
| 150 | Sale & Hire Charges | | | |
| 1501001 | Sale of Products-ഉൽപ്പന്നങ്ങളുടെ വില | 0 | 15,000 | 15,000 |
| 1501101 | Sale of Forms-ഫാറം വില | 70,130 | 120,000 | 120,000 |
| 1501201 | Sale of stores & Scrap-ഉപയോഗശൂന്യമായ വസ്തുക്കളുടെ വിൽപ്പന | 53,263 | 200,000 | 200,000 |
| 1503001 | Miscellaneous Sales--മറ്റ് വസ്തുക്കളുടെ വിൽപ്പന | 0 | 5,000 | 5,000 |
| 150 | Total-Sale & Hire Charges | 123,393 | 340,000 | 340,000 |
| 151 | Receipts from Transferred Institutions | | | |
| 1511001 | Receipts from Transferred Institutions | 0 | 25,000 | 25,000 |
| 151 | Total-Receipts from Transferred Institutions | 0 | 25,000 | 25,000 |
| 170 | Income from Investments | | | |
| 170 | Total-Income from Investments | 0 | 0 | 0 |
| 171 | Interest Earned | | | |
| 1711001 | Interest from Bank Accounts-ബാങ്ക് നിക്ഷേപങ്ങളിൽ നിന്നുള്ള പലിശ | 721,569 | 850,000 | 900,000 |

| Code | Budget Head | Actuals for the year 2023-24 | Revised Budget for the year 2024-25 | Budget for the year 2025-26 |
|---|---|---|---|---|
| 171 | **Total-Interest Earned** | 721,569 | 850,000 | 900,000 |
| 180 | **Other Income** | | | |
| 1801001 | Deposits Forfeited-നിക്ഷേപങ്ങൾ കണ്ടുകെട്ടിയത് | 0 | 50,000 | 50,000 |
| 1804001 | Recovery from Employees-ജീവനക്കാറിൽ നിന്നുള്ള റിക്കവറികൾ | 605 | 5,000 | 5,000 |
| 1808001 | Miscellaneous Income | 5,800 | 20,000 | 20,000 |
| 180 | **Total-Other Income** | 6,405 | 75,000 | 75,000 |
| | **Total-Non tax revenue** | 4,714,514 | 5,555,500 | 5,935,500 |
| **BS-3-GENERALPURPOSEFUND** | | | | |
| 1601005 | General purpose fund-ജനറൽ പർപ്പസ് ഫണ്ട് | 10,113,300 | 13,484,400 | 15,371,000 |
| | **Total-General purpose fund** | 10,113,300 | 13,484,400 | 15,371,000 |
| **BS-4-REVENUEINCOMEPLANGRANTS** | | | | |
| 3201001 | Grants, Funds & Contributions for Specific Purposes -centrally sponsored Schemes-കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് വേണ്ടിയുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും | 8,520,275 | 12,575,000 | 22,300,000 |
| 3202001 | Development Fund - വികസന ഫണ്ട് | 20,709,613 | 32,311,733 | 42,016,800 |
| 3202003 | Grants, Funds & Contributions for Specific Purposes - Other than Development Fund and State Sponsored Scheme Funds - Other purposes-വികസന ഫണ്ടുംസംസ്ഥാനാവിഷ്കൃത ഫണ്ടും ഒഴികെ മറ്റ് ആവശ്യങ്ങൾക്കുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും | 2,651,206 | 3,487,500 | 5,000,000 |
| 3203001 | Grants, Funds & Contributions for Specific Purposes - Other Government Agencies മറ്റ് സർക്കാർ ഏജൻസികളിൽ നിന്നുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും | 1,437,482 | 3,000,000 | 3,000,000 |
| 3204001 | Grants, Funds & Contributions for Specific Purposes - Financial Institutions - ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും | | 0 | 95,000,000 |
| 3207002 | Contributions for Joint Venture Projects (for Centrally Sponsored Scheme) - സംയോജിത പദ്ധതികൾക്കുള്ള കേന്ദ്രാവിഷ്കൃത ഫണ്ട് വിഹിതം- | | 2,400,000 | 0 |

| Code | Budget Head | Actuals for the year 2023-24 | Revised Budget for the year 2024-25 | Budget for the year 2025-26 |
|---|---|---|---|---|
| 3207004 | Contributions for Other Specific Purposes (for Revenue Expenditure)-പ്രത്യേക ഉദ്ദേശ പദ്ധതികൾക്കുള്ള വിഹിതം(റവന്യൂ ചെലവുകൾക്ക്) | 7,839,073 | 23,707,000 | 14,000,000 |
| 3208001 | Other Grants, Funds & Contributions for Specific Purposes -others- മറ്റ് പ്രത്യേക ഉദ്ദേശ പദ്ധതികൾക്കുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും | | 500,000 | 500,000 |
| 320 | **Total Revenue income Plan Grants** | 41,157,649 | 77,981,233 | 181,816,800 |
| **BS-5-REVENUEINCOME-NONPLANGRANTS** | | | | |
| 160 | **Revenue Grants, Funds, Contributions & Compensations** | | | |
| 1601003 | **State Sponsored Schemes (not included under Decentralised Plan Programme)സംസ്ഥാന ആവിഷ്കൃത പരിപാടികൾക്കുള്ള വരവുകൾ** | 38,188,300 | 60,500,000 | 77,500,000 |
| 160 | **Total-Revenue Grants, Funds, Contributions & Compensations** | 38,188,300 | 60,500,000 | 77,500,000 |
| **BS-6-CAPITALINCOME-LOANS** | | | | |
| 330 | **loans** | | | |
| 3305002 | **loans - Loan from Financial Institutions-മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുമുള്ള വായ്പ** | 100,000 | 3,000,000 | 3,000,000 |
| 330 | **Total-loans** | 100,000 | 3,000,000 | 3,000,000 |
| **BS-7Capitalincomeotherthanloans** | | | | |
| 3201001 | Grants, Funds & Contributions for Specific Purposes -centrally sponsored Schemes-കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് വേണ്ടിയുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും | 1,000,000 | 7,000,000 | 850,000 |
| 3202001 | **Development Fund - വികസന ഫണ്ട്** | 5,677,403 | 6,392,267 | 5,411,200 |
| 3202003 | Grants, Funds & Contributions for Specific Purposes - Other than Development Fund and State Sponsored Scheme Funds - Other purposes-വികസന ഫണ്ടുംസംസ്ഥാനാവിഷ്കൃത ഫണ്ടും ഒഴികെ മറ്റ് ആവശ്യങ്ങൾക്കുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും | | 0 | 25,000,000 |
| 3203001 | Grants, Funds & Contributions for Specific Purposes - Other Government Agencies മറ്റ് സർക്കാർ ഏജൻസികളിൽ നിന്നുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും | 3,999,564 | 101,914,991 | 0 |
| 320 | **Total Capital income other than loans** | 10,676,967 | 115,307,258 | 31,261,200 |
| | **TOTAL INCOME** | 115,018,518 | 287,778,391 | 328,184,500 |
| **EXPENDITURES** | | | | |

| Code | Budget Head | Actuals for the year 2023-24 | Revised Budget for the year 2024-25 | Budget for the year 2025-26 |
|---|---|---|---|---|
| **BS-8-RevenueExpenditure-Mandatoryfunctions** | | | | |
| 210 | **Establishment Expenses** | | | |
| 2101001 | Salaries-ശമ്പളം | 9,212,503 | 11,000,000 | 16,000,000 |
| 2101002 | Wages-കൂലി | 707,732 | 1,000,000 | 1,200,000 |
| 2101003 | Bonus-ബോണസ് | 22,830 | 28,000 | 30,000 |
| 2102001 | Travelling Allowances-യാത്രാ ബത്ത | 23,735 | 180,000 | 200,000 |
| 2102002 | Other Benefits and Allowances-മറ്റ് ബത്തകൾ | 271,658 | 400,000 | 400,000 |
| 2102003 | Monthly Honorarium of Elected Representatives-ജനപ്രതിനിധികൾക്കുള്ള ഓണറെ റിയം | 1,603,492 | 1,700,000 | 1,800,000 |
| 2102004 | Sitting Fee of Elected Representatives-ജന പ്രതിനിധികൾക്കുള്ള സിറ്റിംഗ് ഫീ | 147,800 | 200,000 | 210,000 |
| 2102005 | Travelling Allowance of Elected Representatives-ജനപ്രതിനിധികൾക്കുള്ള യാത്ര ബത്ത | 40,950 | 160,000 | 160,000 |
| 2103001 | Pension Contributions-പെൻഷൻ കോൺട്രിബ്യൂഷൻ | 1,059,259 | 1,400,000 | 1,500,000 |
| 2103002 | Leave Salary Contributions-അവധി ശമ്പളം | 591,360 | 650,000 | 800,000 |
| 2104001 | Other Terminal & Retirement Benefits-മറ്റ് സേവന വിരാമ ആനുകൂല്യങ്ങൾ | 0 | 200,000 | 200,000 |
| 210 | **Total** | 13,681,319 | 16,918,000 | 22,500,000 |
| 220 | **Administrative Expenses** | | | |
| 2201001 | Rent-വാടക | 4,500 | 10,000 | 10,000 |
| 2201002 | Rates- | 0 | 15,000 | 15,000 |

| Code | Budget Head | Actuals for the year 2023-24 | Revised Budget for the year 2024-25 | Budget for the year 2025-26 |
|---|---|---|---|---|
| 2201003 | Taxes-നികുതി | 0 | 4,000 | 4,000 |
| 2201101 | Office Maintenance-ഓഫീസ് ചെലവുകൾ | 173,098 | 300,000 | 300,000 |
| 2201201 | Communication Expenses-വാർത്താ വിനിമയ ചെലവുകൾ | 315,293 | 220,000 | 220,000 |
| 2202001 | Books & Periodicals-പുസ്തകങ്ങളും ആനുകാലികങ്ങളും | 9,490 | 15,000 | 15,000 |
| 2202101 | Printing & Stationery-അച്ചടിയും സ്റ്റേഷനറിയും | 322,066 | 450,000 | 450,000 |
| 2204001 | Insurance and Registration-ഇന്ഷുറൻസ്/രജിസ്ട്രേഷൻ | 6,611 | 21,000 | 21,000 |
| 2205101 | Legal Expenses-നീതി ന്യായസേവനങ്ങൾക്കുള്ള ചെലവുകൾ | 34,000 | 160,000 | 160,000 |
| 2205201 | Professional & Other Fees-പ്രൊഫഷണൽ സേവനങ്ങൾക്കുള്ള ചെലവുകൾ | 42,604 | 95,000 | 95,000 |
| 2206001 | Advertisement & Publicity-പരസ്യവും പ്രചരണവും | 110,897 | 250,000 | 250,000 |
| 2206101 | Membership & Subscriptions-മെമ്പർഷിപ്/വരിസംഖ്യ | 5,204 | 10,000 | 10,000 |
| 2207001 | Election Expenses-തെരഞ്ഞെടുപ്പ് ചെലവുകൾ | 36,451 | 200,000 | 500,000 |
| 2207101 | Extra - ordinary Expenses-അസാധാരണ ചെലവുകൾ | 0 | 100,000 | 100,000 |
| 2208001 | Miscellaneous Administrative Expenses-മറ്റ് ഭരണ ചെലവുകൾ | 1,232,153 | 800,000 | 1,000,000 |
| 220 | Total | 2,292,367 | 2,650,000 | 3,150,000 |
| 230 | Operations & Maintenance | | | |
| 2301001 | Power-വൈദ്യുതി/ഊർജം | 1,247,500 | 1,500,000 | 1,550,000 |
| 2301002 | Diesel, Petrol, Gas & Lubricants- ഡീസൽ പെട്രോൾ , ഓയിൽ , ലൂബ്രിക്കന്റ് | 173,601 | 300,000 | 300,000 |

| Code | Budget Head | Actuals for the year 2023-24 | Revised Budget for the year 2024-25 | Budget for the year 2025-26 |
|---|---|---|---|---|
| 2301101 | Water Charges for Drinking Water Schemes-വാട്ടർ ചാർജ് | 475,500 | 350,000 | 350,000 |
| 2302001 | Bulk Purchases | | 100,000 | 100,000 |
| 2303001 | Consumption of Stores | | 10,000 | 10,000 |
| 2304001 | Hire Charges-വാടക | 96,570 | 150,000 | 150,000 |
| 2305001 | Repairs & Maintenance - Infrastructure Assets - Buildings-സംരക്ഷണവും അറ്റകുറ്റപ്പണികളും-പൊതു കെട്ടിടങ്ങൾ | | 30,000 | 30,000 |
| 2305002 | Repairs & Maintenance - Infrastructure Assets - Roads-സംരക്ഷണവും അറ്റകുറ്റപ്പണികളും-റോഡുകൾ | | 250,000 | 250,000 |
| 2305003 | Repairs & Maintenance - Lanes-സംരക്ഷണവും അറ്റകുറ്റപ്പണികളും--ലെയിനുകൾ | | 60,000 | 60,000 |
| 2305004 | Repairs & Maintenance Culverts & Bridges-സംരക്ഷണവും അറ്റകുറ്റപ്പണികളും--പാലങ്ങളും കലുങ്കുകളും | | 50,000 | 50,000 |
| 2305005 | Repairs & Maintenance - Drinking Water-സംരക്ഷണവും അറ്റകുറ്റപ്പണികളും-കുടിവെള്ള പദ്ധതികൾ | | 30,000 | 30,000 |
| 2305006 | Repairs & Maintenance Irrigation-സംരക്ഷണവും അറ്റകുറ്റപ്പണികളും-ജലസേചന പദ്ധതികൾ | 0 | 15,000 | 15,000 |
| 2305009 | Repairs & Maintenance - Movable Assets-സംരക്ഷണവും അറ്റകുറ്റപ്പണികളും-ജംഗമ ആസ്തികൾ | 106,356 | 150,000 | 150,000 |
| 2305099 | Repairs & Maintenance -Other Fixed Assets-സംരക്ഷണവും അറ്റകുറ്റപ്പണികളും-മറ്റ് സ്ഥിര ആസ്തികൾ | 9,952 | 60,000 | 60,000 |
| 2308001 | Other Operating and maintenance expenses-മറ്റ് നടത്തിപ്പ്/മെയിന്ററനൻസ് ചെലവുകൾ | 275,250 | 500,000 | 500,000 |
| 230 | Total | 2,384,729 | 3,555,000 | 3,605,000 |
| 240 | Interest & Finance Charges | | | |
| 2407001 | Bank Charges-ബാങ്ക് ചാർജ് നൽകൽ | 690 | 1,100 | 1,100 |
| 2408001 | Other Finance Expenses-ധനകാര്യ ഇടപാടുകൾക്കുള്ള മറ്റ് ചെലവുകൾ | 850 | 10,000 | 10,000 |

| Code | Budget Head | Actuals for the year 2023-24 | Revised Budget for the year 2024-25 | Budget for the year 2025-26 |
|---|---|---|---|---|
| 240 | Total | 1,540 | 11,100 | 11,100 |
| | TOTAL STATUTORY EXPENDITURE | 18,359,955 | 23,134,100 | 29,266,100 |
| BS-9RevenueExpenditurePlan | | | | |
| 250 | Decentralised Plan Programme - Productive Sector | | | |
| 2501001 | Agriculture and Related Sectors - Paddy-കൃഷിയും അനുബന്ധ മേഖലകളും - നെൽകൃഷി | 451,624 | 1,010,000 | 450,000 |
| 2501002 | Agriculture and Related Sectors - Other crops-കൃഷിയും അനുബന്ധ മേഖലകളും- മറ്റ് വിളകൾ | 67,305 | 230,000 | 280,000 |
| 2501003 | Agricultural Development Programs-മറ്റ് കാർഷിക വികസന പരിപാടികൾ | 70,255 | 915,334 | 25,000 |
| 2501004 | Agriculture and Related Sectors - Animal husbandry -കൃഷിയും അനുബന്ധ മേഖലകളും-മൃഗ സംരക്ഷണം | 1,100,000 | 2,770,000 | 50,000 |
| 2501005 | Agriculture and Related Sectors - Dairy development-കൃഷിയും അനുബന്ധ മേഖലകളും-ക്ഷീര വികസനം | 100,000 | 325,000 | 0 |
| 2501006 | Agriculture and Related Sectors - Fisheries-കൃഷിയും അനുബന്ധ മേഖലകളും-മത്സ്യ ബന്ധനം | 0 | 250,000 | 0 |
| 2501007 | Agriculture and Related Sectors - Afforestation-കൃഷിയും അനുബന്ധ മേഖലകളും-വനവൽക്കരണം | 0 | 100,000 | 0 |
| 2501009 | Agriculture and Related Sectors - Coconut-കൃഷിയും അനുബന്ധ മേഖലകളും-തെങ്ങ് കൃഷി | 300,000 | 306,667 | 426,517 |
| 2501010 | Agriculture and Related Sectors - Areacanut-കൃഷിയും അനുബന്ധ മേഖലകളും-അടയ്ക്ക കൃഷി | 0 | 33,600 | 0 |
| 2501011 | Agriculture and Related Sectors - Vegetables-കൃഷിയും അനുബന്ധ മേഖലകളും-പച്ചക്കറി | 100,000 | 116,757 | 127,227 |
| 2501012 | Agriculture and Related Sectors - Plantain-കൃഷിയും അനുബന്ധ മേഖലകളും-വാഴ | 1,100,000 | 1,380,000 | 1,120,000 |
| 2501016 | Agriculture and Related Sectors -Mushrooms-കൃഷിയും അനുബന്ധ മേഖലകളും-കൂൺ കൃഷി | 50,000 | 0 | 0 |
| 2501019 | Agriculture and Related Sectors -Pepper-കൃഷിയും അനുബന്ധ മേഖലകളും-കുരുമുളക് | 0 | 33,333 | 33,333 |

| Code | Budget Head | Actuals for the year 2023-24 | Revised Budget for the year 2024-25 | Budget for the year 2025-26 |
|---|---|---|---|---|
| 2501020 | **Agriculture and Related Sectors -Vetal-**കൃഷിയും അനുബന്ധ മേഖലകളും-വെറ്റില | 41,085 | 0 | 0 |
| 2501024 | **Agriculture and Related Sectors - Integrator Crop Protection-**കൃഷിയും അനുബന്ധ മേഖലകളുംസംയോജിത വിള സംരക്ഷണം | 0 | 0 | 100,000 |
| 2501025 | **Agriculture and Related Sectors - Infrastructure-**കൃഷിയും അനുബന്ധ മേഖലകളും | 0 | 0 | 50,000 |
| 2501030 | **Revolving Fund-**റിവോൾവിംഗ് ഫണ്ട് | 200,000 | 0 | 0 |
| 2501031 | **Animal Husbandry -Cow-**മൃഗ സംരക്ഷണം-പശു വളർത്തൽ | 1,000,000 | 1,108,800 | 1,267,800 |
| 2501034 | **Animal Husbandry -Calf-**മൃഗ സംരക്ഷണം-കന്നുകുട്ടി പരിപാലനം | 500,000 | 750,000 | 156,250 |
| 2501035 | **Animal Husbandry -Poultry-** മൃഗ സംരക്ഷണം-മുട്ട കോഴി/താറാവ് വളർത്തൽ | 0 | 100,750 | 129,800 |
| 2501040 | **Animal Husbandry -Disease Control-**മൃഗ സംരക്ഷണം-രോഗ നിയന്ത്രണം | 0 | 50,000 | 0 |
| 2501041 | **Animal Husbandry -Related Facility-**മൃഗ സംരക്ഷണം-അനുബന്ധ സൌകര്യങ്ങൾ | 0 | 0 | 50,000 |
| 2501045 | **Dairy Development -Fodder Grass-**ക്ഷീര വികസനം-തീറ്റപ്പുൽ കൃഷി | 51,900 | 50,000 | 0 |
| 2501046 | **Dairy Development -Storage and Marketing-**ക്ഷീര വികസനം-സംഭരണവും വിപണനവും | 250,000 | 200,000 | 400,000 |
| 2501047 | **Dairy Development -Machinary and Equipment-**ക്ഷീര വികസനം-യന്ത്രങ്ങളും ഉപകരണങ്ങളും | 155,700 | 0 | 0 |
| 2501048 | **Dairy Development -Infrastructure-**ക്ഷീര വികസനം-പശ്ചാത്തല സൌകര്യങ്ങൾ | 0 | 0 | 100,000 |
| 2501049 | **FreshWater -Pisciculture-**ശുദ്ധജല മത്സ്യ കൃഷി | 0 | 250,000 | 0 |
| 2501061 | **Fisheries Infrastructure-**മത്സ്യകൃഷി-പശ്ചാത്തല സൌകര്യങ്ങൾ | 0 | 0 | 125,000 |
| 2502004 | **Minor Irrigation-Providing Individual Facilities-**ചെറുകിട ജലസേചനം-വ്യക്തിഗതം | 200,000 | 0 | 0 |

| Code | Budget Head | Actuals for the year 2023-24 | Revised Budget for the year 2024-25 | Budget for the year 2025-26 |
|---|---|---|---|---|
| 2502006 | Water Conservation-ജല സംരക്ഷണം | | 125,000 | 0 |
| 250 | **Total-Decentralised Plan Programme - Productive Sector** | **5,737,869** | **10,105,241** | **4,890,927** |
| 251 | **Decentralised Plan Programme - Service Sector** | | | |
| 2511001 | Pre-primary Education -പ്രീ-പ്രൈമറി വിദ്യാഭ്യാസം | 0 | 10,000 | 0 |
| 2511003 | High School Education-ഹൈസ്കൂൾ വിദ്യാഭ്യാസം | 555,109 | 0 | 0 |
| 2511006 | SSA & Other Educational Programs-സർവ ശിക്ഷ അഭിയാനും മറ്റ് വിദ്യാഭ്യാസ പരിപാടികളും | 569,500 | 300,000 | 0 |
| 2511007 | Sports-സ്പോർട്സ് | 355,000 | 0 | 1,012,984 |
| 2511008 | Youth Welfare-യുവജനക്ഷേമം | 0 | 110,000 | 150,000 |
| 2511009 | Reading Rooms and Libraries-വായന ശാലകളും റീഡിംഗ്  റൂമുകളും | 0 | 100,000 | 0 |
| 2511013 | Education-Related Activities-വിദ്യാഭ്യാസ -അനുബന്ധ  പ്രവർത്തനങ്ങൾ | 1,565,000 | 1,880,000 | 75,000 |
| 2511014 | Financial Assistance for  SC/ST Students For Higher Education Admission-പട്ടിക ജാതി പട്ടിക വർഗ വിദ്യാർഥികൾക്ക്  ഉന്നത വിദ്യാഭ്യാസത്തിനു ധന | 14,000 | 0 | 0 |
| 2511019 | Arts,Culture,Sports and Youth Welfare-Promotion-കല-സംസ്കാരം-സ്പോർട്സ്-യുവജന ക്ഷേമം-പ്രോത്സാഹന പരിപാടികൾ | 0 | 100,000 | 0 |
| 2512001 | PHC, CHC &Other Hospitals/Dispensaries-ഹെൽത്ത് സെന്ററുകള് /ആസ്പത്രികള് /ഡിസ്പന്സറികൾ | 1,000,000 | 1,400,000 | 0 |
| 2512002 | Public Health Programs -പൊതു ആരോഗ്യ പരിപാടികൾ | 500,000 | 1,000,000 | 958,300 |
| 2512003 | Health related Special Programs -പ്രത്യേക ആരോഗ്യ പരിപാടി | 800,000 | 1,300,000 | 195,000 |
| 2512004 | Medicines-മരുന്നുകൾ | 800,000 | 1,300,000 | 350,000 |
| 2512005 | Hospital Waste Management-ആസ്പത്രി മാലിന്യ പരിപാലനം | 0 | 200,000 | 0 |

| Code | Budget Head | Actuals for the year 2023-24 | Revised Budget for the year 2024-25 | Budget for the year 2025-26 |
|---|---|---|---|---|
| 2512007 | Other Programs in Health Sector-മറ്റ് ആരോഗ്യ പദ്ധതികൾ | 300,000 | 500,000 | 180,000 |
| 2512008 | Drinking Water-കുടിവെള്ളം | 1,500,000 | 1,657,000 | 0 |
| 2512009 | Sanitation-ശുചിത്വം | 400,000 | 430,000 | 200,000 |
| 2512010 | Health Sub centers-ആരോഗ്യ ഉപകേന്ദ്രങ്ങൾ | 0 | 0 | 25,000 |
| 2512011 | Community Health Sub centers-കമ്മ്യൂണിറ്റി ഹെൽത്ത് സബ് സെന്റർ | 0 | 0 | 25,000 |
| 2512024 | Epidemic Control-പകർച്ച വ്യാധി നിയന്ത്രണം | 0 | 0 | 375,000 |
| 2512026 | Sanitation & Waste Management - Public-പൊതു ശുചിത്വം-മാലിന്യ പരിപാലനം | 0 | 0 | 170,000 |
| 2513001 | Housing-ഭവന നിർമാണം | 10,525,000 | 119,765,000 | 128,000,000 |
| 2513005 | Programs for the Aged-വൃദ്ധക്ഷേമ പരിപാടികൾ | 800,000 | 1,000,000 | 100,000 |
| 2513006 | Programs for Physically/ Mentally Challenged-ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പരിപാടികൾ | 1,300,000 | 1,575,000 | 1,575,000 |
| 2513007 | Welfare Programs for the Destitute-അഗതി ക്ഷേമ പരിപാടികൾ | 100,000 | 150,000 | 200,000 |
| 2513008 | Total Poverty Alleviation Programs-ദാരിദ്ര്യ ലഘൂകരണ പരിപാടികൾ | 8,520,275 | 10,500,000 | 19,250,000 |
| 2513009 | Women's Welfare Programs-വനിതാ ക്ഷേമ പരിപാടി | 1,000,000 | 2,000,000 | 980,000 |
| 2513010 | Special Programs for Scheduled Castes-പട്ടിക ജാതി ക്ഷേമ ത്തിനുള്ള പ്രത്യേക പരിപാടികൾ | 1,000,000 | 2,330,000 | 2,903,000 |
| 2513012 | Other Social Security Programs-മറ്റ് സാമൂഹ്യ സുരക്ഷിതത്വ പരിപാടികൾ | 500,000 | 500,000 | 900,000 |
| 2513014 | Housing & House Electrification - Construction/Purchase by Local Government- | 0 | 0 | 790,000 |

| Code | Budget Head | Actuals for the year 2023-24 | Revised Budget for the year 2024-25 | Budget for the year 2025-26 |
|---|---|---|---|---|
| 2513015 | Housing & House Electrification - Loan Repayment- ഭവനം/ഭവന വൈദ്യുതീകരണം -ലോൺ തിരിച്ചടവ് | 0 | 0 | 350,000 |
| 2514001 | Development Programs for Women and Children -വനിതാ ശിശു ക്ഷേമ പരിപാടികൾ | 300,000 | 400,000 | 0 |
| 2514002 | Special Child Welfare Program-പ്രത്യേക ശിശുക്ഷേമ പരിപാടികൾ | 250,000 | 300,000 | 25,000,000 |
| 2514102 | Other Nutrition Distribution Programme-മറ്റ് പോഷകാഹാര പരിപാടികൾ | 0 | 0 | 900,000 |
| 2514201 | Anganwadi Infrastructure-അംഗൻവാടി പശ്ചാത്തല സൌകര്യങ്ങൾ | 0 | 0 | 740,000 |
| 2514202 | Anganwadi Related Services-അംഗൻവാടി അനുബന്ധ സൌകര്യങ്ങൾ | 50,000 | 56,100 | 16,000 |
| 2515001 | Labour and Labour Welfare-തൊഴിലും തൊഴിലാളി ക്ഷേമവും | 0 | 0 | 200,000 |
| 2516004 | General Economic Services- Surveys and Studies-സർവേകളും പഠനങ്ങളും | 0 | 0 | 500,000 |
| 2516005 | General Economic Services- Plan Formulation, Monitoring and Evaluation-പദ്ധതി രൂപീകരണം ,മോണിറ്ററിംഗ് | 250,000 | 250,000 | 300,000 |
| 2516006 | General Economic Services-  Good Governance -സൽ ഭരണം | 650,000 | 654,420 | 690,000 |
| 2516007 | General Economic Services-  Computerisation of LSGIs and Transferred Institutions-തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും ഘടക | | 109,500 | 500,000 |
| 2516008 | General Economic Services- Other Plan Expenditure-മറ്റ് പ്ലാൻ ചെലവുകൾ | | 100,000 | 100,000 |
| 2516301 | Electricity Line Extension-വൈദ്യുത ലൈൻ നീട്ടൽ | 600,000 | 675,000 | 300,000 |
| 2516501 | Local Government Service Delivery Improvement-( | 0 | 0 | 830,000 |
| 2516502 | Transferred Institution Service Delivery Improvement- ഘടക സ്ഥാപനങ്ങളിൽ നിന്നുള്ള സേവന സൌകര്യങ്ങൾ വർധിപ്പിക്കൽ | 0 | 0 | 150,000 |
| 251 | **Total-Decentralised Plan Programme - Service Sector** | **34,203,884** | **150,652,020** | **188,990,284** |
| 252 | **Decentralised Plan Programme - Infrastructure Sector** | | | |

| Code | Budget Head | Actuals for the year 2023-24 | Revised Budget for the year 2024-25 | Budget for the year 2025-26 |
|---|---|---|---|---|
| 2521001 | Energy - Electrification of Street Lights-തെരുവ് വിളക്കുകളുടെ വൈദ്യുതീകരണം | 648,120 | 6,750,000 | 225,000 |
| 2521002 | Energy - Other Electrification Programs-മറ്റ് വൈദ്യുതീകരണ പ്രവർത്തനങ്ങൾ | 0 | 110,000 | 0 |
| 2521003 | Non-conventional Energy-പാരമ്പര്യേതര ഊർജ സ്രോതസ്സുകൾ | 660,378 | 1,560,000 | 0 |
| 2522001 | Roads-റോഡുകൾ | 0 | 0 | 5,000,000 |
| 2522002 | Lanes -ലയിനുകൾ | 0 | 300,000 | 0 |
| 2522003 | Bridges-പാലങ്ങൾ | 0 | 200,000 | 0 |
| 2522004 | Culverts and Causeways -കലുങ്കുകളും ചപ്പാത്തുകളും | 0 | 500,000 | 0 |
| 2522012 | Other Programs in Infrastructure Sector-പശ്ചാത്തല മേഖലയിലെ മറ്റ് പ്രവർത്തനങ്ങൾ | 0 | 0 | 400,000 |
| 2522013 | Causeways-ചാപ്പാത്തുകൾ | 0 | 0 | 1,204,000 |
| 2523002 | Public Buildings - Other Buildings-പൊതു കെട്ടിടങ്ങള് -മറ്റ് കെട്ടിടങ്ങൾ | 574,622 | 500,000 | 11,088 |
| 2523101 | Other Constructions - Bund-മറ്റ് നിർമിതികള് -ബണ്ട് | 200,000 | 200,000 | 0 |
| 2523102 | Other Constructions - Side Walls-മറ്റ് നിർമിതികള് -പാർശ്വ ഭിത്തി | 300,000 | 300,000 | 710,000 |
| 2523201 | Purchase of Vehicles-വാഹനങ്ങൾ വാങ്ങൽ | 0 | 0 | 100,000 |
| 252 | Total | 2,383,120 | 10,420,000 | 7,650,088 |
| 253 | Projects not included in Sector Division | | | |
| 2531001 | Drinking Water related Projects-കുടിവെള്ളം-അനുബന്ധ പ്രൊജെക്ടുകൾ | | 0 | 205,000 |
| 2531004 | Supplementary Nutritional Programs through Anganawadies-അംഗനവാടി അനുപൂരക പോഷക ആഹാര പരിപാടി | 2,000,000 | 2,500,000 | 2,800,000 |

| Code | Budget Head | Actuals for the year 2023-24 | Revised Budget for the year 2024-25 | Budget for the year 2025-26 |
|---|---|---|---|---|
| 2531005 | **Solid Waste Management Programs under Total Sanitation Campaign-സമ്പൂർണ ശുചിത്വ പരിപാടിയുടെ ഭാഗമായുള്ള ഖര മാലിന്യ പരിപാലന പരിപാടി** | 500,000 | 1,000,000 | 1,050,000 |
| 2531006 | **Asraya Projects for Rehabilitation of Destitute-ആശ്രയ പദ്ധതി** | 0 | 150,000 | 0 |
| 2531009 | **Computerisation of Panchayats-പഞ്ചായത്തുകളുടെ കമ്പ്യൂട്ടർവൽക്കരണം** | 0 | 109,500 | 150,000 |
| 2531011 | **Contribution towards SSA - SSA പദ്ധതിക്കുള്ള വിഹിതം** | 100,000 | 300,000 | 300,000 |
| 2531012 | **Payments to IKM-ഐ.കെ.എംനുള്ള പണം നൽകൽ** | 90,000 | 100,000 | 100,000 |
| 2531013 | **Payments to KILA-കിലക്കുള്ള പണം നൽകൽ** | 0 | 15,000 | 0 |
| 253 | Total-Projects not included in Sector Division | 2,690,000 | 4,174,500 | 4,605,000 |
| 255 | Maintenance Projects | | | |
| 2551001 | **Maintenance Projects - Road Assets-റോഡ് ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രോജക്ടുകൾ** | 9,629,037 | 11,724,000 | 16,555,000 |
| 2552001 | **Maintenance Projects - Non Road Assets- Transferred Institutions - Agriculture-റോഡ് ഇതര ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രോജക്ടുകൾ -കൃഷി** | 50,000 | 50,000 | 0 |
| 2552002 | **Maintenance Projects - Non Road Assets- Transferred Institutions - Animal Husbandry-റോഡ് ഇതര ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രോജക്ടുകൾ -മൃഗ സംരക്ഷണം** | 50,000 | 50,000 | 0 |
| 2552005 | **Maintenance Projects - Non Road Assets- Transferred Institutions - Social Welfare-റോഡ് ഇതര ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രോജക്ടുകൾ സാമൂഹ്യ ക്ഷേമം** | 50,000 | 70,000 | 0 |
| 2552006 | **Maintenance Projects - Non Road Assets- Transferred Institutions -Allopathy (Hospitals/Dispensaries) റോഡ് ഇതര ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രോജക്ടുകൾ -ആശുപത്രി/ഡിസ്പെൻസറി -അലോപ്പതി** | 100,000 | 150,000 | 700,000 |
| 2552007 | **Maintenance Projects - Non Road Assets- Transferred Institutions - Ayurveda (Hospitals/Dispensaries) -റോഡ് ഇതര ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രോജക്ടുകൾ -ആശുപത്രി-ആയുർവേദം** | 200,000 | 250,000 | 675,000 |

| Code | Budget Head | Actuals for the year 2023-24 | Revised Budget for the year 2024-25 | Budget for the year 2025-26 |
|---|---|---|---|---|
| 2552008 | **Maintenance Projects - Non Road Assets- Transferred Institutions - Homeopathy (Hospitals/Dispensaries)** -റോഡ് ഇതര ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രോജക്ടുകൾ -ആശുപത്രി-ഹോമിയോപ്പതി | 250,000 | 260,000 | 200,000 |
| 2552016 | **Maintenance Projects - Non Road Assets- Transferred Institutions - Others--**റോഡ് ഇതര ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രോജക്ടുകൾ -മറ്റ് ഘടക സ്ഥാപനങ്ങൾ | 0 | 50,000 | 500,000 |
| 2552017 | **Maintenance Projects - Non Road Assets- Other Transferred Assets--**റോഡ് ഇതര ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രോജക്ടുകൾ -മറ്റ് ആസ്തികൾ | 2,300,000 | 2,447,000 | 1,742,000 |
| 255 | **Total** | **12,629,037** | **15,051,000** | **20,372,000** |
| 256 | **Other Revenue Grants and funds** | | | |
| 256 | **Other Revenue Grants and funds** | **0** | **0** | **0** |
| 260 | **Grants, Contributions and Compensations from Own Fund** | | | |
| 260 | **Grants, Contributions and Compensations from Own Fund** | **0** | **0** | **0** |
| **BS12CAPITALEXPENDITUREOTHERTHANLOANS** | | | | |
| 4101001 | **Land** | | 0 | 100,000 |
| 4102001 | **Buildings** | 2,500,000 | 6,000,000 | 100,000 |
| 4103001 | **Roads** | 3,500,000 | 7,000,000 | 850,000 |
| 4103003 | **Culverts, Bridges & Other constructions** | 1,500,000 | 0 | 630,000 |
| 4104001 | **Drinking Water - Sources (Open Wells, Bore Wells, Tube Wells, Tanks etc.)** | 1,200,000 | 0 | 180,000 |
| 4105001 | **Irrigation** | 500,000 | 0 | 0 |
| 4106001 | **Electricity** | 500,000 | 0 | 0 |
| 4107001 | **Waste Treatment** | | 0 | 0 |

| Code | Budget Head | Actuals for the year 2023-24 | Revised Budget for the year 2024-25 | Budget for the year 2025-26 |
|---|---|---|---|---|
| 4107101 | Movable Assets | 800,000 | 0 | 275,000 |
| 410 | Total | 10,500,000 | 13,000,000 | 2,135,000 |
| | TOTAL PLAN REVENUE EXPENDTURE | 57,643,910 | 190,402,761 | 226,508,299 |
| | TOTAL PLAN CAPITAL EXPENDITURE | 10,500,000 | 13,000,000 | 2,135,000 |
| **TOTALPLANEXPENDITURE** | | 68,143,910 | 203,402,761 | 228,643,299 |
| **BS-10-RevenueExpenditure-BFUND&STATESPONSOREDSCHEMES** | | | | |
| 254 | Expenditures of Transferred Institutions (not included under Decentralised Plan | | | |
| 2542001 | State Sponsored Schemes (not included under Decentralised Plan Programme)- സംസ്ഥാന ആവിഷ്കൃത പദ്ധതികൾക്കുള്ള നോൺ പ്ലാൻ ചെലവുകൾ | 38,188,300 | 60,500,000 | 77,500,000 |
| 254 | Total-Expenditures of Transferred Institutions (not included under | 38,188,300 | 60,500,000 | 77,500,000 |
| **BS-11CAPITALEXPENDITURE-LOANREPAYMENTS** | | | | |
| 330 | Loans | | | |
| | Total-loans | 0 | 0 | 0 |
| | TOTAL EXPENDITURE | 124,692,165 | 287,036,861 | 335,409,399 |
| | CLOSING BALANCE | 14,499,564 | 15,241,094 | 8,016,195 |

| BS-13- RECEIPT AND REFUND OF DEPOSIT (ഡിപോസിറ്റ് വരവും,മടക്കിനല്കലും) | | | |
|---|---|---|---|
| DETAILED HEAD CODE | PARTICULARS(ഇനവിവരം) | Budget Estimates 2025-26 (ബജറ്റ്-2025-26) വരവ് | Budget Estimates 2025-26 (ബജറ്റ്-2025-26) മടക്കി നൽകൽ |
| 340 10 01 | **Earnest Money Deposit-**നിരതദ്രവ്യം | 0 | 0 |
| 340 10 02 | **Security Deposit-**സെക്യൂരിറ്റി നിക്ഷേപം | 0 | 0 |
| 340 10 03 | **Retention-**റിടെൻഷൻ | 0 | 0 |
| 340 10 99 | **Other Deposits-**മറ്റ് നിക്ഷേപങ്ങൾ | 0 | 0 |
| 340 20 01 | **Deposits-Revenue-**റവന്യൂ നിക്ഷേപങ്ങൾ | 0 | 0 |
| 340 30 01 | **Deposits Received From Staff-**ജീവനക്കാരിൽ നിന്നുള്ള നിക്ഷേപങ്ങൾ | 0 | 0 |
| 340 80 01 | **Deposit Received from Others-**മറ്റുള്ളവരിൽ നിന്നുള്ള നിക്ഷേപങ്ങൾ | 0 | 0 |
| 350 11 01 | **Employee Liabilities –**ജീവനക്കാർക്ക് നൽകാനുള്ള സംഖ്യ | 0 | 0 |
| 350 20 01 | **Recoveries Payable -**റിക്കവറികൾ അടവാക്കനുള്ളത് | 0 | 0 |
| 350 20 02 | **Recoveries Payable - Deductions FROM WORK BILLS-**വർക്ക് ബില്ലിൽ നിന്നുള്ള റിക്കവറികൾ അടവാക്കനുള്ളത് | 0 | 0 |
| 350 30 01 | **Government and Other Dues Payable-**സർക്കാരിലേക്ക് അടവാക്കാനുള്ള മറ്റ് കുടിശികകൾ | 0 | 0 |
| 110 | **Total ആകെ** | 0 | 0 |



*പ്രിയപ്പെട്ടവരെ,*

*ഈ ഭരണസമിതി കാലയളവിലെ അഞ്ചാമത്തേതും അവസാനത്തേതും ആയ ബജറ്റിൽ ലഭ്യമായ എല്ലാ വിഭവങ്ങളും സമാഹരിച്ച് ഉൾപ്പെടുത്തിയും പഞ്ചായത്ത് പ്രദേശത്തെ എല്ലാ വിഭാഗം ജനങ്ങൾക്കും ഉപകാര പ്രദമാകുന്ന പദ്ധതികൾക്കായി തുക വകയിരുത്തിയുമാണ് ഈ ബജറ്റ് തയ്യാറാക്കിയിരിക്കുന്നതെന്നും സസന്തോഷം അറിയിക്കുന്നു. ആയതിന് സഹകരിച്ച ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട്, സ്ഥിരം സമിതി അംഗങ്ങൾ, അംഗങ്ങൾ, ഘടകസ്ഥാപന മേധാവികൾ, ഉദ്യോഗസ്ഥർ എല്ലാവരെയും നന്ദിപൂർവ്വം ഓർക്കുന്നു.*

*വിശ്വാസപൂർവ്വം,*

**അജിത.കെ.**
**സെക്രട്ടറി**






പഞ്ചായത്ത് ലേണിംഗ് സെന്റർ



ഹരിതകർമ്മസേന
'എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം'

# കതിരുകൾ
# ചൈൽഡ് റിസോഴ്സ് സെന്റർ



## ബാലസൗഹൃദ ഗ്രാമപഞ്ചായത്ത് പദവിയിലേക്ക്